# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4246 16/12/2014 - ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>കേന്ദ്ര സർക്കാർ സഹായത്തോടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ടി പദ്ധതിക്കായുള്ള അനുമതിയും കെട്ടിട നിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായവും ലഭ്യമാകുന്ന മുറയ്ക്ക് ഈ സ്കൂളുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ്സ്. ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സി.ബി.എസ്.ഇ മാതൃകയിലുള്ള സിലബസ്സാണ് ഈസ്കൂളുകളിൽ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഏതെല്ലാം ക്ലാസ്സുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) 1 മുതൽ 12 വരെയുള്ള ക്ലാസുകളാണ് ഈ സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

4246
16/12

## അനുബന്ധം

| ക്രമ നം. | ജില്ല | താലൂക്ക് | സ്ഥലം |
|---|---|---|---|
| 1 | പാലക്കാട് | മണ്ണാർക്കാട് | അട്ടപ്പാടിയിലെ പട്ടിമാളം |
| 2 | പാലക്കാട് | മണ്ണാർക്കാട് | അട്ടപ്പാടിയിലെചിണ്ടക്കി |
| 3 | പാലക്കാട് | മണ്ണാർക്കാട് | അട്ടപ്പാടിയിലെകുലുക്കൂർ |
| 4 | വയനാട് | വൈത്തിരി | സുഗന്ധഗിരി |
| 5 | മലപ്പുറം | ഏറനാട് | തിരൂർ |
| 6 | കണ്ണൂർ | തലശ്ശേരി | ആറളം |
| 7 | കോഴിക്കോട് | കോഴിക്കോട് | കോടഞ്ചേരി |
| 8 | കോട്ടയം | മേലുകാവ് | മേലുകാവ് |
| 9 | കാസർഗോഡ് | ഹോസ്ദുർഗ് | പരപ്പ |
| 10 | തിരുവനന്തപുരം | നെടുമങ്ങാട് | കുറ്റിച്ചൽ |

(signature)
സെക്ഷൻ ഓഫീസർ